
# മലയാളം റിസേർച്ച് ജേണൽ
# MALAYALAM RESEARCH JOURNAL

MALAYALAM RESEARCH JOURNAL • Volume 12 • Issue 2 • May-August 2019

## വിദ്യാവിലാസം അച്ചുകൂടം
## വിഭക്തപദസംഗ്രഹം



U.G.C. Approved Refereed Journal. Serial No. 41569
Volume 12 • Issue 2 • May-August 2019

34

മലയാളം റിസേർച്ച് ജേണൽ
ഐ.എസ്.എസ്.എൻ.-0974 1984
ആർ.എൻ.ഐ. നം. കെ.ഇ.ആർ.ബി.ഐ.എൽ. 2008/24527
എൽ.സി.സി.എൻ. 2013-318190
വാ.12, ല. 2 മെയ്-ഓഗസ്റ്റ് 2019, പു. 4387-4411

**ഷിജു അലക്സ്, സിബു സി.ജെ., സുനിൽ വി.എസ്.**

# ചതുരങ്കപട്ടണം അരുണാചലമുതലിയാരുടെ വിദ്യാവിലാസം അച്ചുകൂടം

**സംഗ്രഹം**

ഈ പ്രബന്ധത്തിൽ താഴെ പറയുന്ന കാര്യങ്ങൾ സമർഥിക്കുന്നു:

1. വിദ്യാവിലാസം അച്ചുകൂടത്തിന് തുടക്കമിട്ടത് കോഴിക്കോട് മുൻസിഫ് ആയിരുന്ന അരുണാചലമുതലിയാർ ആണ്. കാളഹസ്തിയപ്പമുതലിയാർ ആണ് വിദ്യാവിലാസം അച്ചുകൂടത്തിന് തുടക്കമിട്ടതെന്ന ചരിത്രകാരന്മാരുടെ അഭിപ്രായം ശരിയല്ല.

2. അരുണാചലമുതലിയാരുടെ അച്ഛന്റെയും മകന്റെയും പേര് ഒന്നുതന്നെ ആയിരുന്നു-കാളഹസ്തിയപ്പമുതലിയാർ. മുത്തച്ഛന്റെയും ചെറുമകന്റെയും പേര് ഒന്നുതന്നെയെന്ന് വിവേചിച്ചറിയാഞ്ഞതുകൊണ്ടാണ് കാളഹസ്തിയപ്പമുതലിയാരാണ് വിദ്യാവിലാസം പ്രസ്സ്

ഷിജു അലക്സ് (shijualexonline@gmail.com), സിബു സി.ജെ. (cibucj@gmail.com), സുനിൽ വി.എസ്. (vssun9@gmail.com).

തുടങ്ങിയതെന്ന തെറ്റിദ്ധാരണ ഉണ്ടായത്. യഥാർഥത്തിൽ മുത്തച്ഛൻ കാളഹസ്തിയപ്പമുതലിയാരുടെ മകൻ അരുണാചലമുതലിയാരും, അരുണാചലത്തിന്റെ മകൻ കാളഹസ്തിയപ്പമുതലിയാരും ആയിരുന്നു ഓരോ കാലഘട്ടത്തിൽ വിദ്യാവിലാസം പ്രസ്സിന്റെ നടത്തിപ്പുകാർ.

3. അരുണാചലമുതലിയാർക്കായിരുന്നു സർക്കാർ ഉദ്യോഗം ഉണ്ടായിരുന്നത്. അദ്ദേഹം 1850 തൊട്ടെങ്കിലും കോഴിക്കോട് കോടതിയിൽ ഉദ്യോഗസ്ഥനായിരുന്നു. ഏകദേശം 1865–'66 നോട് അടുത്ത് അദ്ദേഹം കോഴിക്കോട് മുൻസിഫ് ആയിരുന്നു. മുത്തച്ഛനായ/ചെറുമകനായ കാളഹസ്തിയപ്പമുതലിയാർ കോഴിക്കോട് മുൻസിഫ് ആയിരുന്നു എന്ന ചരിത്രകാരന്മാരുടെ വാദവും സ്വീകാര്യമല്ല.

4. അരുണാചലമുതലിയാർ വിദ്യാവിലാസം തുടങ്ങുമ്പോൾ അതൊരു കല്ലച്ചുകൂടമായിരുന്നു. ഈ കല്ലച്ചുകൂടത്തിലെ അച്ചടിശ്രമങ്ങൾക്കുശേഷം 1860–1861ൽ മഞ്ചേരിയിൽ ഒരു ലെറ്റർ പ്രസ്സ് സ്ഥാപിച്ചു. തുടർന്ന് 1864-ൽ ആ അച്ചുകൂടം കോഴിക്കോട്ടേക്ക് മാറ്റി. 1864 തൊട്ട് കോഴിക്കോടുനിന്നാണ് വിദ്യാവിലാസം പ്രവർത്തിച്ചത്. മഞ്ചേരിയിൽ ലെറ്റർ പ്രസ്സ് സ്ഥാപിച്ചുകൊണ്ടാണ് വിദ്യാവിലാസം തുടങ്ങിയത് എന്ന ചരിത്രകാരന്മാരുടെ വാദം ശരിയല്ല.

5. 1907–നോടടുത്ത് വിദ്യാവിലാസം പ്രസ്സിന്റെ ഒരു ശാഖ തലശ്ശേരിയിൽ തുടങ്ങി.

6. 1945 വരെയെങ്കിലും വിദ്യാവിലാസം പ്രസ്സിന്റെ കോഴിക്കോട് ശാഖ പ്രവർത്തിച്ചു. അതുപോലെ 1977 വരെയെങ്കിലും തലശ്ശേരിയിലെ വിദ്യാവിലാസവും പ്രവർത്തിച്ചു.

**താക്കോൽ വാക്കുകൾ**

വിദ്യാവിലാസം (Vidyavilasam), കല്ലച്ചടി (lithograph), ലെറ്റർ പ്രസ്സ് (letter press), അരുണാചലമുതലിയാർ (Arunachala Muthaliyar), എൽ.എസ്. രാമയ്യർ (L.S. Ramayyar)

## ആമുഖം

മലബാറിൽ സ്ഥാപിക്കപ്പെട്ട, മിഷനറിമാരുടേതല്ലാത്ത, ആദ്യത്തെ അച്ചുകൂടം ആയിരുന്ന വിദ്യാവിലാസത്തെക്കുറിച്ച്, കെ.എം. ഗോവി അടക്കമുള്ള മലയാളം അച്ചടിചരിത്രകാരന്മാർ, മലയാളം അച്ചടിചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ താഴെ പറയുന്ന പ്രകാരം സംഗ്രഹിക്കാം:

കാളഹസ്തിയപ്പമുതലിയാർ സ്ഥാപിച്ച വിദ്യാവിലാസം അച്ചുകൂടം തുടക്കത്തിൽ മഞ്ചേരിയിലും തുടർന്ന് കോഴിക്കോടുമായി പ്രവർത്തിച്ചിരുന്നു. 1860–1861-ൽ മഞ്ചേരിയിൽ ആരംഭിച്ച ലെറ്റർ പ്രസ്സ് അച്ച

മലയാളം റിസേർച്ച് ജേണൽ
വാല്യം 12, ലക്കം 2
മെയ്-ഓഗസ്റ്റ് 2019

ടിയോടെയാണ് ഇന്ന് അറിയുന്ന പ്രകാരം വിദ്യാവിലാസം പ്രവർത്തനം തുടങ്ങുന്നത്. തുടർന്ന് 1864-ൽ പ്രസ്സ് കോഴിക്കോട്ടേക്ക് മാറ്റി. പ്രസ്സിന്റെ പിന്നിൽ കോഴിക്കോട് മുൻസിഫ് ആയിരുന്ന കാളഹസ്തിയപ്പമുതലിയാരും മകൻ അരുണാചലമുതലിയാരും ആയിരുന്നു. പല പുരാണകൃതികളും ഹൈന്ദവപശ്ചാത്തലമുള്ള കൃതികളും കേരളത്തിൽ ആദ്യമായി അച്ചടിച്ചത് വിദ്യാവിലാസം അച്ചുകൂടത്തിൽ ആയിരുന്നു.

1850-കളിൽ കേരളത്തിലും മറ്റു പ്രദേശങ്ങളിലും മിഷനറിമാരുടേതല്ലാത്ത അച്ചുകൂടങ്ങൾ അധികമില്ല. 1836-ൽ തുടങ്ങിയ തിരുവിതാംകൂർ സർക്കാർ അച്ചുകൂടം, 1844-ൽ തുടങ്ങിയ ചാവറയച്ചന്റെ മാന്നാനത്തെ അച്ചുകൂടം,1853-ൽ തുടങ്ങിയ തിരുവനന്തപുരം കേരളവിലാസം അച്ചുകൂടം തുടങ്ങിയവ ആണ് അവ.

പത്തൊമ്പതും ഇരുപതുംനൂറ്റാണ്ടുകളിൽ വിപുലമായ തോതിൽ ഒന്നിലധികം ശാഖകളോടെ വടക്കൻ കേരളത്തിൽ പ്രവർത്തിച്ചിരുന്ന വിദ്യാവിലാസം പ്രസ്സിന്റെ അറിയപ്പെടാത്ത ചരിത്രം അനാവരണം ചെയ്യാൻ ഈ പ്രബന്ധം ശ്രമിക്കുന്നു. വിദ്യാവിലാസം അച്ചുകൂടത്തിന്റെ സ്ഥാപകരെ സംബന്ധിച്ചും, ആരംഭിച്ച വർഷത്തെ സംബന്ധിച്ചും, എവിടെ ഏത് തരം അച്ചടി ഉപയോഗിച്ചു എന്നതിനെക്കുറിച്ചും ചില തെറ്റിദ്ധാരണകൾ ചരിത്രപുസ്തകങ്ങളിലുണ്ട്. ഞങ്ങൾക്കു ലഭിച്ച തെളിവുകളെ അടിസ്ഥാനമാക്കി, നിലവിലെ വസ്തുതകൾ വിശകലനം ചെയ്ത് ഈ വിഷയങ്ങളിൽ വ്യക്തത വരുത്തുക എന്നതും ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യമാണ്.

കേരളത്തിൽ (മുമ്പ് തിരുവിതാംകൂർ-കൊച്ചി-മലബാർ) 1850-കളിൽ ഉണ്ടായിരുന്ന ലിത്തോഗ്രഫി അച്ചുകൂടം (കല്ലച്ച്) ഗുണ്ടർട്ടിന്റേതുമാത്രമായിരുന്നു എന്നുള്ളതാണ് ആദ്യകാല ധാരണ. 1855-60 കാലയളവിൽ മുണ്ടക്കയത്ത് ഒരു ലിത്തോഗ്രഫി അച്ചുകൂടം പ്രവർത്തിച്ചിരുന്നു എന്ന് ഞങ്ങളുടെ മുൻപ്രബന്ധത്തിൽ (മുണ്ടക്കയം-മലയാള അച്ചടിയിലെ അറിയപ്പെടാത്ത ചരിത്രം) തെളിയിച്ചിട്ടുണ്ട്. വിദ്യാവിലാസം പ്രസ്സിനെക്കുറിച്ചുള്ള ഞങ്ങളുടെ അന്വേഷണം, 1860-ന് തൊട്ടുമുമ്പ് മൂന്നാമതൊരു കല്ലച്ചുകൂടംകൂടി പ്രവർത്തിച്ചിരുന്നു എന്നതിന്റെ തെളിവുകളാണ് നൽകുന്നത്.

## വിദ്യാവിലാസം കല്ലച്ചുകൂടം; അതിന്റെ സ്ഥാപനവർഷം

വിദ്യാവിലാസത്തിന്റെ പിറവിയെപ്പറ്റി കെ.എം. ഗോവി എഴുതിയിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്:

“വിദ്യാവിലാസം തമിഴ്നാട്ടിൽനിന്ന് വന്ന ചതുരങ്കപട്ടണം കാളഹസ്തിയപ്പമുസലിയാരും മകൻ അരുണാചലവുംകൂടി ആരംഭിച്ചതാണ്” (കെ.എം. ഗോവി 1998: 139).

കോഴിക്കോട് മുൻസിഫായിരുന്ന കാളഹസ്തിയപ്പമുതലിയാർ, സർക്കാർ ഉദ്യോഗസ്ഥനായിരുന്നതിനാൽ നേരിട്ടു ചെയ്യാതെ മകനായ അരുണാചലമുതലിയാരുടെ പേരിൽ പ്രസ്സ് നടത്തി എന്ന് ഗോവി ഊഹിക്കുകയും ചെയ്യുന്നു (1998:140). ഉള്ളൂരിനെ ഉദ്ധരിച്ച് ഗോവി ഇങ്ങനെയും പറയുന്നു: “വിദ്യാവിലാസം (കോഴിക്കോട്): ഇരുപതാംനൂറ്റാ

ണ്ടിലും കേരളീയ പ്രസാധനരംഗത്ത് സജീവസാന്നിധ്യം നിലനിത്തിയ വിദ്യാവിലാസം പ്രസ്സ് മുൻസിഫ് കാളഹസ്തിയപ്പമുതലിയാർ കൊല്ലവർഷം 1036-ൽ കോഴിക്കോട് സ്ഥാപിച്ചുവെന്നാണ് ഉള്ളൂർ പരമേശ്വരയ്യർ രേഖപ്പെടുത്തുന്നത് (കെ.എം. ഗോവി 1998: 139; ഉള്ളൂർ 1990:284).

1861-ൽ കാളഹസ്തിയപ്പമുതലിയാർ എന്നൊരു വൈദേശികനാണ് കോഴിക്കോട് വിദ്യാവിലാസം പ്രസ് സ്ഥാപിച്ചതെന്നാണ് പി. ജെ. തോമസും അഭിപ്രായപ്പെടുന്നത്. (1989:298)

മുകളിൽപ്പറഞ്ഞ മൂന്നുപേരുടെയും അഭിപ്രായത്തിൽ വിദ്യാവിലാസം അച്ചുകൂടം 1860-61 കാലയളവിലാണ് സ്ഥാപിക്കപ്പെടുന്നത്. പക്ഷേ വിദ്യാവിലാസത്തിന്റെ ചരിത്രം 1860-നും പിന്നിലേക്ക് പോകുന്നു എന്ന് കാണിക്കുന്ന തെളിവുകൾ ഇപ്പോൾ ലഭ്യമാണ്. 1859-ൽ വിദ്യാവിലാസത്തിന്റെ കല്ലച്ചുകൂടത്തിൽനിന്നു അച്ചടിച്ച താഴെ പറയുന്ന രണ്ടുപുസ്തകങ്ങൾ ഞങ്ങൾക്ക് ബ്രിട്ടീഷ് ലൈബ്രറിയിൽനിന്നു കണ്ടെത്താനായി:

ഒന്ന്,1859-ൽ പുറത്തിറങ്ങിയ *അമരസിംഹം*. ഈ പുസ്തകത്തെക്കുറിച്ചുള്ള പരാമർശങ്ങളൊന്നും എവിടെയും കണ്ടിട്ടില്ല.

രണ്ട്,1859-ൽതന്നെ പുറത്തിറങ്ങിയ *സ്തുതിചൊവ്വാകപ്പെട്ട സുറിയാനിക്രിസ്ത്യാനിക്കാരുടെ നമസ്കാരക്രമങ്ങൾ*. ഈ പുസ്തകത്തെക്കുറിച്ച് മലങ്കരസഭയുടെ മാർ ദിവാന്ന്യാസോസ് മെത്രാപോലീത്ത എന്ന പുസ്തകത്തിൽ എം.പി. വർക്കി (1901: 11) പരാമർശിച്ചിട്ടുണ്ടെങ്കിലും ഏത് വർഷമാണ് ഇത് അച്ചടിച്ചതെന്ന് എം.പി. വർക്കി രേഖപ്പെടുത്തിയിട്ടില്ല. പക്ഷേ കാളഹസ്തിയപ്പയുടെ കല്ലച്ചുകൂടത്തിലാണ് പ്രസ്തുത പുസ്തകം അച്ചടിച്ചത് എന്ന് എം.പി. വർക്കി രേഖപ്പെടുത്തിയിട്ടുണ്ട്.


മലയാളം അച്ചടിചരിത്രം കൈകാര്യം ചെയ്തവർ രേഖപ്പെടുത്താതിരുന്ന സംഗതിയാണ് വിദ്യാവിലാസത്തിന്റെ കല്ലച്ചുകൂടം; അവർ ലെറ്റർ പ്രസ്സിന്റെ കാര്യംമാത്രമേ പറഞ്ഞിട്ടുള്ളൂ. ഈ രണ്ടു തെളിവുകൾ നമുക്കു ലഭിച്ചതോടെ വിദ്യാവിലാസത്തിന്റെ കല്ലച്ചുകൂടചരിത്രം കൂടെ വെളിവാകുന്നു.

വിദ്യാവിലാസത്തിന് കല്ലച്ചുകൂടം ഉണ്ടായിരുന്നുവെന്ന് 1859-ൽ പുറത്തിറങ്ങിയ ഈ രണ്ടു പുസ്തകങ്ങൾമാത്രംവെച്ച് സ്ഥാപിക്കാൻ എളുപ്പമാണെങ്കിലും, പക്ഷേ ഇതുമാത്രംവെച്ച് വിദ്യാവിലാസം കല്ലച്ചുകൂടത്തിന്റെ സ്ഥാപനവർഷം കണ്ടെത്താൻ സാധ്യമല്ല. 1859-ലോ അതിനുമുമ്പോ ആയിരുന്നു വിദ്യാവിലാസം തുടങ്ങിയത് എന്നു സാമാന്യമായി പ്രസ്താവിക്കാൻമാത്രമേ നിലവിൽ നമുക്കാവൂ. എം.പി. വർക്കിയുടെ പുസ്തകത്തിൽ "യൗസേപ്പു കത്തനാരു ഉടനെ കോഴിക്കോടു പോയി കാളഹസ്തിയപ്പമുതലിയാരുടെ കല്ലച്ചിൽ പുസ്തകം അച്ചടിച്ചു" എന്ന് പറയുന്നതിനാൽ കല്ലച്ചുകൂടത്തിന്റെ പ്രസിദ്ധി യൗസേപ്പു കത്തനാരുടെ സ്ഥലമായ കുന്നംകുളംവരെ എത്തിയിരുന്നു എന്നും; ആ പ്രസിദ്ധി കുറഞ്ഞ കാലത്തിനുള്ളിൽ സംഭവിച്ചതല്ല എന്നും ഊഹിക്കാം. അതുകൊണ്ട്, *സ്തുതിചൊവ്വാകപ്പെട്ട സുറിയാനിക്രിസ്ത്യാനിക്കാരുടെ നമസ്കാരക്രമങ്ങൾ* എന്ന ആ പുസ്തകം അച്ചടിച്ച 1859-ന് അൽപ്പം വർഷങ്ങൾമുമ്പുതന്നെ വിദ്യാവിലാസം കല്ലച്ചുകൂടം പ്രവർത്തിച്ചിരുന്നു എന്നതിന് സാധ്യതയേറെയാണ്.

ഷിജു അലക്സ്,
സിബു സി.ജെ.,
സുനിൽ വി.എസ്.



മലയാളം റിസേർച്ച് ജേണൽ
വാല്യം 12, ലക്കം 2
മെയ്-ഓഗസ്റ്റ് 2019



CKB. 50/6276

ശ്രീ

ഹരിഃ ശ്രീ ഗണപതയെ നമഃ

അവിഘ്നമസ്തു. ശ്രീ ഗുരുഭ്യൊ നമഃ

വാചസ്പത്യാചാര്യ്യകൃതമായ

അമരസിംഹം

ഇത

൲-൩൨-൩൧

ചതുരങ്കപട്ടണം കാളഹസ്തിയപ്പമുതലിയാരഅ

വർകളുടെ മകൻ അരുണാചലമുതലിയാരുടെ

അപെക്ഷപ്രകാരം

തൃക്കണ്ടിയൂര ഗൊവിന്ദപിഷാരൊടിയാൽ

ബൃഹല്പത്തിഎന്നെ വ്യാഖ്യാനവും കൂട്ടണ്ടര

[illegible] നൊക്കിവിശദീകരിക്കപ്പെട്ട

മെപ്പടി

അരുണാചലമുതലിയാരുടെ

വിദ്യാവിലാസ

അച്ചുകൂടത്തിൽ


അച്ചടിക്കപ്പെട്ടു.

൧൮൫൯ാം വർഷം = 1857

പ്രിൻടർ- [illegible]

Google 1566119

1859-ൽ അരുണാചലമുതലിയാരുടെ വിദ്യാവിലാസം അച്ചുകൂടത്തിൽനിന്നു പുറത്തിറങ്ങിയ *അമരസിംഹം* എന്ന പുസ്തകത്തിന്റെ ശീർഷകത്താൾ.



സ്തുതിചൊവ്വാക

പ്പെട്ട

സുറിയാനിക്രിസ്ത്യാനിക്കാരുടെ

നമസ്കാരക്രമങ്ങൾ

സുറിയാനിയിൽനിന്ന

പരിഭാഷപ്പെടുത്തിയത

ഇത-മ-രാ-രാ-ചതുരങ്കപട്ടണംകാളഹ
സ്തിയപ്പമുതലിയാര അവർകളുടെമകൻകൊ
[illegible]
[illegible] അരുണാചലമുതലിയാരുടെ
വിദ്യാവിലാസം അച്ചുക്കൂടത്തിൽ അച്ചടിക്ക
പ്പെട്ട-[illegible]-പ്രിന്റർ
1859

1859-ൽ അരുണാചലമുതലിയാരുടെ വിദ്യാവിലാസം അച്ചുകൂടത്തിൽനിന്നു പുറത്തിറങ്ങിയ *സ്തുതി ചൊവ്വാകപ്പെട്ട സുറിയാനി കൃസ്ത്യാനിക്കാരുടെ നമസ്കാരക്രമങ്ങൾ* എന്ന പുസ്തകത്തിന്റെ ശീർഷകത്താൾ.

വിദ്യാവിലാസം കല്ലച്ചുകൂടത്തിന്റെ കൃത്യമായ സ്ഥാപനവർഷവും അവിടെനിന്നു പുറത്തിറങ്ങിയ കൂടുതൽ പുസ്തകങ്ങളും തുടർഗവേഷണത്തിൽ കണ്ടെത്തേണ്ട സംഗതികളാണ്.



മലയാളം റിസേർച്ച് ജേണൽ
വാല്യം 12, ലക്കം 2
മെയ്-ഓഗസ്റ്റ് 2019

**സ്ഥാപകൻ**

പിൽക്കാല പുസ്തക/അച്ചടി ചരിത്രകാരന്മാർ, 'വിദ്യാവിലാസം' അച്ചടിശാലസ്ഥാപകനെ സംബന്ധിച്ച്, ഉള്ളൂർ എസ്. പരമേശ്വരയ്യർ, പി.ജെ. തോമസ്, കെ.എം. ഗോവി എന്നിവർ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുകമാത്രമാണ് ചെയ്തത്.

പി.കെ. രാജശേഖരൻ 2015-ൽ പ്രസിദ്ധീകരിച്ച *ബുക്സ്റ്റാൾജിയ* എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു:

"കേരളത്തിൽ മലയാളപുസ്തകങ്ങൾ അച്ചടിക്കാൻ തുടങ്ങി നാല്പതുവർഷത്തോളമായിട്ടേ ആധുനികമലയാളം സൃഷ്ടിച്ച തുഞ്ചത്തെഴുത്തച്ഛനെ അച്ചടിയിലേക്കു കൊണ്ടുവരാൻ ആരെങ്കിലും ഓർമ്മിച്ചുള്ളൂ. ഓർത്തതാകട്ടെ മലയാളികളുമായിരുന്നില്ല. ഒരു തമിഴനാണ് അതുതോന്നിയത്. ആ തമിഴനോട്, ചതുരംഗപട്ടണം കാളഹസ്തിയപ്പ മുതലിയാർ എന്ന ആ മുൻസിഫിനോടും അദ്ദേഹത്തിന്റെ മകൻ അരുണാചലം മുതലിയാരോടും, തീർത്താൽ തീരാത്ത കടപ്പാടുണ്ട് മലയാളികൾക്ക്" (പി.കെ. രാജശേഖരൻ 2015; 40, 41).

കോഴിക്കോട് മുൻസിഫ് ആയിരുന്ന കാളഹസ്തിയപ്പമുതലിയാരാണ് വിദ്യാവിലാസം പ്രസ് സ്ഥാപിച്ചതെന്ന കെ.എം. ഗോവി, ഉള്ളൂർ എസ്. പരമേശ്വരയ്യർ, പി.ജെ. തോമസ്, പി.കെ. രാജശേഖരൻ എന്നിവരുടെ പ്രസ്താവനകൾ പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കേണ്ടതുണ്ട്. വിദ്യാവിലാസം പ്രസിൽനിന്ന് അതിന്റെ തുടക്കത്തിൽ പുറത്തിറങ്ങിയ പുസ്തകങ്ങളിലൊന്നും 1859-ൽ പ്രസിദ്ധീകരിച്ചതുമായ *സ്തുതിചൊവ്വാകപ്പെട്ട സുറിയാനിക്രിസ്ത്യാനിക്കാരുടെ നമസ്കാരക്രമങ്ങളി*ൽ പ്രസാധകനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്:

"ഇത-മ-രാ-രാ-ചതുരങ്കപട്ടണം കാളഹസ്തിയപ്പമുതലിയാര അവർകളുടെ മകൻ കൊഴിക്കൊട സിവിൽ സെഷൻ കൊടതി ശിരസ്തെദാർ അരുണാചലമുതലിയാരുടെ വിദ്യാവിലാസ അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടു-1859-ാം വർഷം മാർച്ച മാസം-പ്രിൻടർ യശായ (1859:I)"

മുകളിലെ പ്രസ്താവനയിൽനിന്ന് സർക്കാർ ഉദ്യോഗം അരുണാചലമുതലിയാർക്ക് ആണെന്നു മനസ്സിലാക്കാം. ഇനി, 1862-ൽ മഞ്ചേരിയിലെ ലെറ്റർ പ്രസ്സിൽനിന്ന് ഇറങ്ങിയ *മഹാഭാരതംപാട്ട്* എന്ന കൃതിയിലെ പ്രസാധകവിവരത്തിന് അടുത്ത പേജ് കാണുക.

വിദ്യാവിലാസത്തിന്റെ ആദ്യകാല പുസ്തകങ്ങളിലെ തെളിവുകൾക്കുപുറമേ, 1866-ലെ ബാസൽമിഷൻ പഞ്ചാംഗത്തിൽ (Basel Mission 1866:32), അക്കാലത്തെ കോഴിക്കോട് മുൻസിഫ് ആയിരുന്ന അരുണാചലമുതലിയാരുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ട് (അടുത്ത പേജ് കാണുക). ഇതിനാൽ സർക്കാർ ഉദ്യോഗസ്ഥനായിരുന്നത് അരുണാചലമുതലിയാർതന്നെ ആയിരുന്നു എന്നത് ഉറപ്പിക്കാം.

ചതുരംകപട്ടണംകാളഹസ്തിയപ്പമുതലിയാരഅവർകളുടെമകൻ

അരുണാചലമുതലിയാര

പലഗ്രന്ഥങ്ങൾവരുത്തിതമ്മിൽകൂട്ടിനൊക്കിക്കകയും

തൃക്കണ്ടിയൂരഗൊവിന്ദപിഷാരൊടി

പുന്നപുരത്തകൃഷ്ണപിള്ള

ഇവരെകൊണ്ടതെററതീപ്പിക്കകയുംചെയ്തു

തന്നുടെ

വിദ്യാവിലാസ

അച്ചുക്കൂടത്തിൽ

അച്ചടിപ്പിച്ചത.

മഞ്ചെരി൧൮൬൨ാംവൎഷംഅക്കൊബർമാസം.

ചതുരങ്കപട്ടണം കാളഹസ്തിയപ്പമുതലിയാര അവർകളുടെ മകൻ അരുണാചല മുതലിയാര ... തന്നുടെ വിദ്യാവിലാസ അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചത. മഞ്ചെരി 1862-ാം വർഷം അക്കൊബർ മാസം. മഹാഭാരതം പാട്ട് എന്ന പുസ്തകത്തിന്റെ ശീർഷകത്താൾ.

മുൻസിഫന്മാർ.

൧. ക്ലാസ്സ.

| പാർപ്പ്. | നാമം. | | ശമ്പളം. |
|---|---|---|---|
| കൊഴിക്കൊട. | എസ്സ. സി. അരുണാചലമുതലിയാർ | ഉറ | ൩൦൦ |
| ചാവകാട | എം ജൊർജ്ജ | „ | ൩൦൦ |
| തലശ്ശെരി | മെസ്സ്ര. ജൊക്കിൻ. ഡെ. രുസാരിയൊ | „ | ൩൦൦ |

1866-ലെ ബാസൽമിഷൻ പഞ്ചാംഗത്തിന്റെ പ്രസക്തഭാഗം

മേൽപ്പറഞ്ഞ തെളിവുകളിൽനിന്ന് കാളഹസ്തിയപ്പമുതലിയാരല്ല, മറിച്ച് അരുണാചലമുതലിയാരാണ് കോഴിക്കോട് കോടതിയിൽ മുൻസിഫ് ആയിരുന്നത് എന്നും അരുണാചലമുതലിയാർതന്നെയാണ് പ്രസ്സിന്റെ ഉടമ എന്നും വ്യക്തമാകുന്നുണ്ട്. കാളഹസ്തിയപ്പമുതലിയാരായിരുന്നു കോഴിക്കോട് മുൻസിഫ് എന്നത് ചരിത്രകാരന്മാർ തെറ്റായി രേഖപ്പെടുത്തിയതാണ്.

1859 മുതൽ 1865 വരെയുള്ള കാലയളവിൽ വിദ്യാവിലാസത്തിൽ നിന്ന് പ്രസിദ്ധപ്പെടുത്തിയതും ഞങ്ങൾക്കു പരിശോധിക്കാനായതുമായ പുസ്തകങ്ങളിലെല്ലാം അരുണാചലമുതലിയാർതന്നെയാണ് പ്രസ്സുടമ.1865-ൽ ഇറങ്ങിയ *സ്കാന്ദപുരാണം* എന്ന പുസ്തകമാണ് അരുണാചലമുതലിയാരുടെ ഉടമസ്ഥതയിൽ പുറത്തിറങ്ങിയതായി കാണുന്ന അവസാനത്തെ പുസ്തകം.

1866-ലെ ബാസൽമിഷൻ പഞ്ചാംഗത്തിൽ കോഴിക്കോട് മുൻസിഫായി അരുണാചലമുതലിയാരുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് മുമ്പ് പറഞ്ഞല്ലോ. എന്നാൽ തൊട്ടടുത്ത വർഷത്തെ (1867) ബാസൽമിഷൻ പഞ്ചാംഗത്തിൽനിന്നു അരുണാചലമുതലിയാരുടെ പേര് അപ്രത്യക്ഷമാകുന്നത് കാണാം (Basel Mission 1867:40). അരുണാചലമുതലിയാരെപ്പറ്റി 1866-നുശേഷമുള്ള രേഖകളിൽ പരാമർശം ഇല്ലാത്തതിനാൽ അദ്ദേഹം ചുമതലയിൽനിന്ന് വിരമിച്ചിരിക്കുകയോ മലബാറിൽനിന്ന് സ്ഥലം മാറിപ്പോകുകയോ ചെയ്തിരിക്കാമെന്ന് അനുമാനിക്കാം. 1866-ൽ മൈസൂരിൽ നേറ്റീവ് അസിസ്റ്റന്റ്/ദിവാൻ ആയി ഒരു അരുണാചലമുതലിയാർ പ്രവേശിക്കുന്നുണ്ട് (Mysore Gazetteer Vol.2, Part-4, 2900). അത് കോഴിക്കോട് മുൻസിഫും വിദ്യാവിലാസം പ്രസ്സ് സ്ഥാപകനുമായ അരുണാചലമുതലിയാർതന്നെയാണോ എന്നത് പരിശോധിക്കേണ്ട വിഷയമാണ്.

അരുണാചല മുതലിയാർക്ക് കോഴിക്കോട് കോടതിയിലെ ജോലിയിലുണ്ടാകുന്ന സ്ഥാനക്കയറ്റങ്ങൾ കുറെയൊക്കെ പിന്തുടർന്ന് കണ്ടെടുക്കാൻ പൊതുസഞ്ചയരേഖകൾ സഹായിക്കുന്നുണ്ട്. 1852-1853ൽ അദ്ദേഹം കോഴിക്കോട് കോടതിയിൽ ഇംഗ്ലീഷ് റൈറ്റർ ആണെന്ന് 1853-ൽ പ്രസിദ്ധീകരിച്ച ഈസ്റ്റ് ഇന്ത്യ കമ്പനി രേഖകളിൽ കാണാം (The East India Company 1853:99). 1859-ൽ അദ്ദേഹം കോഴിക്കോട് കോടതിയിൽ ശിരസ്തദാർ ആയിരുന്നെന്ന് *സ്തുതിചൊവ്വാകപ്പെട്ട സുറിയാനിക്രിസ്ത്യാനിക്കാരുടെ നമസ്കാരക്രമങ്ങൾ* എന്ന പുസ്തകത്തിന്റെ ശീർഷകത്താൾ സൂചന നൽകുന്നു. 1865-1866 ആയപ്പോഴേക്ക് അദ്ദേഹം കോഴിക്കോട് മുൻസിഫ് ആയെന്ന് ബാസൽമിഷൻ പഞ്ചാംഗവും സൂചന നൽകുന്നു, ഇത്രയും പഴയകാല രേഖകൾ പിന്തുണയ്ക്കുന്നത് കൊണ്ടുതന്നെ അരുണാചലമുതലിയാരുടെ കോഴിക്കോട് കോടതിയിലെ ഉദ്യോഗത്തിന് വേണ്ടത്ര തെളിവുകളായി.

1866-നുശേഷം വിദ്യാവിലാസം പ്രസിൽനിന്നുള്ള അച്ചടികൾ, അരുണാചലമുതലിയാരുടെ മകനായിരുന്ന കാളഹസ്തിയപ്പമുതലിയാരുടെ പേരിലാണ് പുറത്തിറങ്ങിയത്. മകൻ കാളഹസ്തിയപ്പമുതലിയാരെ പ്രസ്സ് ഏൽപ്പിച്ച്, അരുണാചലമുതലിയാർ സ്ഥലംമാറിപ്പോകുകയോ അച്ചടി രംഗത്തുനിന്ന് പിൻവാങ്ങുകയോ ചെയ്തിരിക്കാനാണ് സാധ്യത.

1866 തൊട്ട് 1880-കളുടെ തുടക്കംവരെയെങ്കിലും വിദ്യാവിലാസം പ്രസ്സിന്റെ ഉടമസ്ഥനായി കാളഹസ്തിയപ്പമുതലിയാരുടെ പേര്

രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പുസ്തകങ്ങളിൽ പ്രസ്സുടമയുടെ പേര് രേഖപ്പെടുത്തുന്ന രീതി, 1880-കൾക്കുശേഷം കാണുന്നില്ല.

അരുണാചലമുതലിയാരുടെ മകനായ കാളഹസ്തിയപ്പമുതലിയാർക്ക് പ്രസ്സിന്റെ നടത്തിപ്പ് ആയിരുന്നില്ല പ്രധാനജോലി എന്നുള്ള സൂചനയും ഞങ്ങൾക്ക് കണ്ടെത്താനായി. കാളഹസ്തിയപ്പമുതലിയാർ ബാങ്ക് ഒഫ് മദ്രാസിന്റെ കോഴിക്കോട് ശാഖയിൽ കാഷ്യർ ആയിരുന്നു എന്ന വിവരം 1921-ൽ വി.എൽ. ശാസ്ത്രി പ്രസിദ്ധീകരിച്ച *Encyclopaedia Of The Madras Presidency And The Adjacent States* എന്ന പുസ്തകം നൽകുന്നുണ്ട്. (V.L. Sastri 1921: 797).

ഇതൊക്കെക്കൊണ്ട് കോഴിക്കോട് മുൻസിഫ് ആയിരുന്ന കാളഹസ്തിയപ്പമുതലിയാർ എന്ന പ്രയോഗം ഇനിയെങ്കിലും തിരുത്തണം. വിദ്യാവിലാസം പ്രസ്സ് സ്ഥാപിച്ചത് കോഴിക്കോട് മുൻസിഫ് ആയിരുന്ന അരുണാചലമുതലിയാർ ആണ്.

ഇരുപതാംനൂറ്റാണ്ടിൽ രേഖപ്പെടുത്തപ്പെട്ട എല്ലാ പരാമർശങ്ങളിലും വിദ്യാവിലാസം പ്രസ്സിന്റെ ഉടമസ്ഥത കാളഹസ്തിയപ്പമുതലിയാരുമായി ബന്ധപ്പെടുത്തിയത് താഴെ പറയുന്ന കാരണങ്ങളാലാണെന്ന് ഞങ്ങൾ ഊഹിക്കുന്നു.

വിദ്യാവിലാസത്തിന്റെ ആരംഭത്തിലെ പുസ്തകങ്ങൾ അച്ചടിച്ച പ്രസ്സ് എവിടെയായിരുന്നു എന്ന വിവരം നിലവിൽ ലഭ്യമല്ല. 1861-63 കാലയളവിലെ പുസ്തകങ്ങൾ മഞ്ചേരിയിൽനിന്നും 1864 മുതലുള്ളവ കോഴിക്കോട്നിന്നുമാണ് പുറത്തിറങ്ങിയതെന്ന് പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1864-ൽ കോഴിക്കോട്ടേക്ക് മാറ്റുന്നതോടെയാണ് പ്രസ്സിന്റെ സജീവപ്രവർത്തനം ആരംഭിക്കുന്നത്. 1866-ൽ അരുണാചലമുതലിയാരിൽനിന്ന് മകൻ കാളഹസ്തിയപ്പമുതലിയാർ പ്രസ്സിന്റെ ഉടമസ്ഥാവകാശം ഏറ്റെടുത്തു. ഏകദേശം ഈ കാലഘട്ടത്തിനുശേഷമാണ് സ്വദേശികളുടെ അച്ചടിസംസ്കാരവും അവർ തന്നെ ചെയ്യുന്ന ഡോക്യുമെന്റേഷനുമെല്ലാം സജീവമാകുന്നത്. ആ സമയത്ത് പ്രസ്സിന്റെ ഉടമസ്ഥൻ അരുണാചലമുതലിയാരുടെ മകൻ കാളഹസ്തിയപ്പമുതലിയാർ ആണ്. അതിനാൽ ആ കാലഘട്ടങ്ങളിൽ പ്രസ്സ് കാളഹസ്തിയപ്പമുതലിയാരുടെ അച്ചുകൂടം എന്നു അറിയപ്പെട്ടു.

മലയാള ഭാഷാചരിത്രം ആദ്യമായി ഡോക്യുമെന്റ് ചെയ്യുന്നത് 1881-ൽ പി. ഗോവിന്ദപ്പിള്ളയാണ്. അദ്ദേഹത്തിന്റെ പുസ്തകത്തിൽ വിദ്യാവിലാസം പ്രസ്സിനെപ്പറ്റി സൂചനകൾ ഒന്നുമില്ല. 1901-ൽ എം.പി. വർക്കി, മാർ ദിവാന്ന്യോസ് എന്ന ലേഖനം എഴുതുന്ന കാലഘട്ടത്തിലും വിദ്യാവിലാസം പ്രസ്സ് കാളഹസ്തിയപ്പമുതലിയാർതന്നെയാണ് നടത്തുന്നത്. കാളഹസ്തിയപ്പമുതലിയാരുടെ വിദ്യാവിലാസം പ്രസ്സ് വളരെ പ്രശസ്തമായതിനാലാണ് മലയാള ഭാഷാചരിത്രം എഴുതിയ ഉള്ളൂരിനും അങ്ങനെ രേഖപ്പെടുത്തേണ്ടി വന്നത്.

ഈ കാരണങ്ങൾ കൊണ്ടാകണം എഴുതപ്പെട്ട രേഖകളിൽ എല്ലാം വിദ്യാവിലാസം പ്രസ്സ് സ്ഥാപകനായി കാളഹസ്തിയപ്പ

മുതലിയാരുടെ പേര് വന്നതും യഥാർഥ സ്ഥാപകനായ അരുണാചല മുതലിയാരെ കണ്ടെത്താതെ പോയതും. പിൽക്കാലത്ത് ചരിത്രരചന നടത്തിയവർ കോഴിക്കോട്ടെ മുൻസിഫ് ജോലിപോലും കാളഹസ്തി യപ്പമുതലിയാർക്ക് ചാർത്തിക്കൊടുക്കുകയും ചെയ്തു. മൗലികരേഖ കൾ അന്വേഷിച്ചു കണ്ടെടുക്കുന്നതിൽ ഗവേഷകർ കാണിക്കുന്ന ശ്ര ദ്ധക്കുറവാണ് ഈ തെറ്റിദ്ധാരണയ്ക്ക് ഇടയാക്കിയത്.



മലയാളം റിസേർച്ച് ജേണൽ
വാല്യം 12, ലക്കം 2
മെയ്-ഓഗസ്റ്റ് 2019

## വിദ്യാവിലാസം കല്ലച്ചുകൂടം കോഴിക്കോട് ആയിരുന്നോ?

വിദ്യാവിലാസം ഒരു കല്ലച്ചുകൂടമായാണ് ആരംഭിച്ചതെന്ന വസ് തുത മുൻപ് നൽകിയിട്ടുള്ള 1859-ലെ പുസ്തകങ്ങളിൽനിന്ന് വ്യക്ത മാണ്. പക്ഷേ കല്ലച്ചുകൂടത്തിൽനിന്ന് പുറത്തിറങ്ങിയ പുസ്തകങ്ങളി ലൊന്നിലും പ്രസ് എവിടെയായിരുന്നു പ്രവർത്തിച്ചിരുന്നത് എന്ന വി വരം നൽകിയിട്ടില്ല. അതേസമയം വിദ്യാവിലാസത്തിന്റെ ലെറ്റർ പ്ര സ് തുടക്കത്തിൽ പ്രവർത്തിച്ചത് മഞ്ചേരിയിലാണെന്ന് അവിടെനിന്ന് 1861-1863 കാലയളവിൽ പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങളിൽ കാണാം.

*മലങ്കരസഭയുടെ മാർ ദിവാന്ന്യാസോസ് മെത്രാപോലീത്ത* എന്ന പുസ്തകത്തിൽ എ.പി. വർക്കി ഇങ്ങനെ പറയുന്നു:

“യോസെപ്പുകത്തനാരു ഉടനെ കോഴിക്കോട്ടു പോയി കാളഹസ് തിയപ്പ മുതലിയാരുടെ വക കല്ലച്ചിൽ സുറിയാനിസഭയുടെ വിശ്വാസ ത്തിനു ഒത്തതായ ക്രമത്തിൽ രണ്ടായിരം നമസ്കാരപ്പുസ്തകം അച്ച ടിപ്പിച്ചു പ്രസിദ്ധപ്പെടുത്തി” (എം.പി. വർക്കി 1901: 11).

ഈ പ്രസ്താവനയിൽ കല്ലച്ച് കോഴിക്കോട് ആയിരുന്നു എന്ന സൂചനയാണ് തരുന്നതെങ്കിലും ഈ ഒരു സൂചനമാത്രംവെച്ച് അത് കോഴിക്കോടുതന്നെ ആയിരുന്നു എന്ന് സ്ഥാപിക്കാൻ പറ്റില്ല. ഈ പു സ്തകം എഴുതുന്ന സമയത്ത് (1901) വിദ്യാവിലാസം കാളഹസ്തിയ പ്പമുതലിയാരുടെ പേരിൽ പ്രശസ്തമായതിനാലും ആ പ്രസ്സ് കോഴിക്കോടായതിനാലും കല്ലച്ചുകൂടവും കോഴിക്കോട് ആയിരിക്കു മെന്ന് ഊഹിക്കുകയുമാകാം എം.പി. വർക്കി ചെയ്തത്.


1860-1861ൽ ലെറ്റർ പ്രസ്സ് എന്തുകൊണ്ടു മഞ്ചേരിയിൽ സ്ഥാപിച്ചു എന്നതിന് ഉത്തരം കണ്ടെത്തിയാൽ കല്ലച്ചുകൂടത്തിന്റെ സ്ഥാനം എ വിടെയെന്ന കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്താൻ കഴിയും.

## മഞ്ചേരിയിലെ വിദ്യാവിലാസം അച്ചുകൂടം

വിദ്യാവിലാസത്തിന്റെ കല്ലച്ചുകൂടത്തിന്റെ കാര്യം ചരിത്രകാരൻ മാർ ഇതുവരെ പരിശോധിച്ചിട്ടില്ല. അതിന്റെ സ്ഥാപനം 1859-ലോ അ തിനുമുമ്പോ ആണെന്ന് മുമ്പത്തെ ഭാഗങ്ങളിൽനിന്ന് വ്യക്തമാണല്ലോ.

അതുകൊണ്ട് ലെറ്റർ പ്രസിന്റെ ആരംഭത്തെക്കുറിച്ചാണ് ഈ ഭാഗത്തിൽ അന്വേഷിക്കുന്നത്.

വിദ്യാവിലാസം 1860-1861ൽ കോഴിക്കോട് സ്ഥാപിച്ചു എന്നാണ് ഉള്ളൂർ എസ്. പരമേശ്വരയ്യരും പി.ജെ. തോമസും രേഖപ്പെടുത്തിയിരിക്കുന്നത്. അച്ചടിത്തെളിവുകളുടെ അടിസ്ഥാനത്തിൽ 1862-ൽ അത് മഞ്ചേരിയിൽ സ്ഥാപിക്കപ്പെട്ടു എന്ന് കെ.എം. ഗോവി രേഖപ്പെടുത്തിയിരിക്കുന്നു (കെ.എം. ഗോവി 1998: 140). 1862-നുമുമ്പ് കോഴിക്കോടോ മഞ്ചേരിയിലോ പ്രസ് ഉണ്ടായിരുന്നില്ല എന്നത് വിശദമാക്കാനായി ശക്തമായൊരു കാരണവും ഗോവി അവതരിപ്പിക്കുന്നുണ്ട്. 1862-ൽ മഞ്ചേരിയിൽനിന്ന് പുറത്തിറങ്ങിയ *ശ്രീമഹാഭാരതംപാട്ട* എന്ന പുസ്തകത്തിന്റെ 68 വരെയുള്ള ഭാഗങ്ങൾ തിരുവനന്തപുരത്തെ കേരളവിലാസം പ്രസിൽനിന്ന് അച്ചടിച്ച് കൊണ്ടുവരികയായിരുന്നു എന്ന വിവരം ആ പുസ്തകത്തിൽത്തന്നെയുണ്ട്.


അറുവത്തെട്ടുവരെ ഭാഗങ്ങൾ തിരുവനന്തപുരത്തെ കെരളവിലാസം അച്ചുക്കൂടത്തിൽ നിന്ന അച്ചടിച്ചതാകകൊണ്ട ദെശഭെദവാക്കുകൾ അല്ലം ചിലതുള്ളത തെറ്റല്ലായ്കയാൽ തെറ്റപട്ടികയിൽ കാണിച്ചിട്ടില്ല. അറുവത്തൊൻപതുമുതൽക്കുള്ള ഭാഗങ്ങളിൽ ശീലനിറുത്തുന്നസ്ഥലം അറിഞ്ഞാൽ അക്ഷരമറിയുന്നവൎക്കും നൊക്കിച്ചൊല്ലാൻ പ്രയാസമില്ലാത്തതാകകൊണ്ട അവിടവിടെ നിറുത്തിട്ടുമുണ്ട. ആ നിറുത്തൽകൊണ്ട അൎത്ഥജ്ഞാനമില്ലാത്തവൎക്കും എകദെശമായിതാനെതന്നെ അൎത്ഥം തൊന്നുകയും ചെയ്യും.

*ശ്രീമഹാഭാരതംപാട്ടി*ലെ ശുദ്ധിപത്രം

ഇതിനെ ആധാരമാക്കി, 62-നുമുമ്പ് മഞ്ചേരിയിലോ കോഴിക്കോട്ടോ പ്രസ് ഉണ്ടായിരുന്നെങ്കിൽ തിരുവനന്തപുരത്ത് അച്ചടിക്കാൻ യാതൊരു സാധ്യതയുമില്ലെന്നും, അതുകൊണ്ട് 1862-ലാണ് മഞ്ചേരിയിൽ പ്രസ് സ്ഥാപിക്കുന്നത് എന്നുമാണ് കെ.എം. ഗോവി സ്ഥാപിക്കുന്നത്.

എന്നാൽ 1861-ൽ വിദ്യാവിലാസത്തിൽ അച്ചടിച്ച *ശ്രീകൃഷ്ണചരിതം* (മണിപ്രവാളശ്ലോകം) എന്ന ഒരു പുസ്തകം ബ്രിട്ടീഷ് ലൈബ്രറിയിൽനിന്ന് ഞങ്ങൾക്കു കണ്ടെടുക്കാനായി. ഈ പുസ്തകത്തെക്കുറിച്ചും മറ്റെവിടെയും പരാമർശങ്ങളൊന്നുമില്ല.

1861-ൽ ഇങ്ങനെയൊരു പുസ്തകം ലെറ്റർ പ്രസിൽനിന്ന് പുറത്തിറങ്ങിയതിനാൽ 1862-നുമുമ്പ് കോഴിക്കോടോ മഞ്ചേരിയിലോ പ്രസ് ഉണ്ടായിരുന്നില്ല എന്ന കെ.എം. ഗോവിയുടെ വാദത്തെ തള്ളിക്കളയുന്നു.

ഷിജു അലക്സ്,
സിബു സി.ജെ.,
സുനിൽ വി.എസ്.



മലയാളം റിസേർച്ച് ജേണൽ
വാല്യം 12, ലക്കം 2
മെയ്-ഓഗസ്റ്റ് 2019



ശ്രീ

ഹരിഃശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

മണിപ്രവാളശ്ലോകം

ശ്രീകൃഷ്ണചരിതം.

ഇത

മ-ര-രാ

ചതുരങ്കപട്ടണം കാളഹസ്തിയപ്പമുതലിയാര

അവർകളുടെ മകൻ അരുണാചലമുതലിയാരുടെ

അപെക്ഷപ്രകാരം

Trikandyur Govinda pisaroti

തൃക്കണ്ടിയൂര ഗൊവിന്ദപിഷാരൊടിയാൽ

പിഴതിക്കപ്പെട്ട

മെപ്പടി

അരുണാചലമുതലിയാരുടെ

വിദ്യാവിലാസ

അച്ചുക്കൂടത്തിൽ

അച്ചടിക്കപ്പെട്ടു.

൧൦൩൬-ാം വൎഷം നവെമ്പ്രമാസം

1861 പ്രിൻടർ-യശായ.

1861-ൽ അച്ചടിച്ച *ശ്രീകൃഷ്ണചരിതം* (മണിപ്രവാളശ്ലോകം)

അപ്പോൾ 1862-ലെ *മഹാഭാരതംപാട്ടി*ന്റെ ആദ്യഭാഗങ്ങൾ എന്തുകൊണ്ടാണ് തിരുവനന്തപുരത്ത് അച്ചടിച്ചത്? *മഹാഭാരതംപാട്ടി*ന്റെ വലുപ്പക്കൂടുതൽ ആയിരിക്കാം ഒന്നാമത്തെ കാരണം. 1861-ൽ വിദ്യാവിലാസം ലെറ്റർ പ്രസ്സ് ആരംഭിക്കുന്നതിന് സമാന്തരമായി *മഹാഭാരത*ത്തിന്റെയും അച്ചടി തിരുവനന്തപുരത്ത് ആരംഭിച്ചിരിക്കണം. വിദ്യാവിലാസത്തിന് 1859-ൽതന്നെ ഒരു കല്ലച്ചുകൂടം കൈയിലുണ്ട്. പക്ഷേ കല്ലച്ചുകൂടത്തിന്റെ പരിമിതികൾ നിമിത്തം കൂടുതൽ പകർപ്പുകൾ ഉണ്ടാക്കാനാകില്ല. അതുകൊണ്ട് *മഹാഭാരതം*പോലെ വൻവിപണന

സാധ്യതയുള്ള പുസ്തകം കല്ലച്ചുകൂടത്തിൽ അച്ചടിക്കുന്നത് വിപണി കോണിൽനിന്ന് നോക്കിയാൽ നഷ്ടമാണ്. അതുകൊണ്ടായിരിക്കണം പെട്ടെന്ന് പുറത്തിറക്കുന്നതിനായി പുസ്തകം തിരുവനന്തപുരത്തെ ലെറ്റർ പ്രസ്സിൽ അച്ചടിച്ചുതുടങ്ങിയത്.

മഞ്ചേരിയിലെ വിദ്യാവിലാസം പ്രസ്സിൽ അച്ചടിച്ച ഏഴോളം പുസ്തകങ്ങളുടെ വിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. എന്തുകൊണ്ട് മഞ്ചേരിയിൽ വിദ്യാവിലാസം സ്ഥാപിച്ചു എന്നും അത് മഞ്ചേരിയിൽ എവിടെയായിരുന്നു എന്നും അന്വേഷിക്കാൻ ശ്രമിച്ചെങ്കിലും കൂടുതൽ മുൻപോട്ട് പോകാൻ കഴിഞ്ഞില്ല. അതിനാൽ മഞ്ചേരി വിദ്യാവിലാസത്തെ പറ്റിയുള്ള വിവരശേഖരണം തുടർഗവേഷണത്തിന് വിടുന്നു.

## കാളഹസ്തിയപ്പമുതലിയാരുടെ കാലഘട്ടം- വിദ്യാവിലാസത്തിന്റെ സുവർണയുഗം

1866-ൽ അരുണാചലമുതലിയാർ അച്ചടിരംഗത്തുനിന്ന് പിന്മാറിയശേഷം മകൻ കാളഹസ്തിയപ്പമുതലിയാർ വിദ്യാവിലാസത്തിന്റെ ഉടമസ്ഥാവകാശം ഏറ്റെടുക്കുന്നു. കാളഹസ്തിയപ്പമുതലിയാർ പ്രസ്സ് നടത്തിയ 1866 തൊട്ടുള്ള കാലഘട്ടം വിദ്യാവിലാസം പ്രസ്സിന്റെ സുവർണകാലം ആണെന്ന് പറയാം. വിദ്യാവിലാസത്തിന് ഇന്ന് ചരിത്ര പുസ്തകങ്ങളിൽ കാണുന്ന പ്രശസ്തി മൊത്തം കിട്ടുന്നത് ഇക്കാലത്ത് പുറത്തിറങ്ങിയ വിദ്യാവിലാസം കൃതികളിലൂടെയാണ്. നിരവധി തദ്ദേശീയകൃതികളും പുരാണകൃതികളും മറ്റുഹൈന്ദവപശ്ചാത്തലമുള്ള കൃതികളും ഇക്കാലത്ത് വിദ്യാവിലാസം പ്രസ്സിലൂടെ പുറത്തു വന്നു.

## പ്രിൻടർ യശായ

1859 മുതൽ 1873 വരെയുള്ള എല്ലാം വിദ്യാവിലാസം പുസ്തകങ്ങളുടെയും ടൈറ്റിൽ പേജിൽ 'പ്രിൻടർ യശായ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 1859-ലെ കല്ലച്ചുകൂടത്തിലെ അച്ചടിപുസ്തകങ്ങളിലും മഞ്ചേരിയിലെ അച്ചടിപ്പുസ്തകങ്ങളിലും, 1873 വരെയുള്ള കോഴിക്കോട് വിദ്യാവിലാസം പുസ്തകങ്ങളിലും പ്രിന്റർ ആയി യശായ എന്ന പേർ കാണാം. പക്ഷേ വിദ്യാവിലാസം പുസ്തകങ്ങളിൽ കാണുന്ന ഈ യശായ ആരാണെന്ന് ഇതുവരെ ആരും രേഖപ്പെടുത്തി കാണുന്നില്ല. അരുണാചലമുതലിയാർക്കും മകൻ കാളഹസ്തിയപ്പമുതലിയാർക്കും സർക്കാർജോലി ആയിരുന്നതിനാൽ തുടക്കദശകങ്ങളിൽ വിദ്യാവിലാസം അച്ചുകൂടത്തിന്റെ കാര്യങ്ങൾ നോക്കിനടത്തിയിരുന്നതും അതിന്റെ പ്രിന്റർ ആയിരുന്നതും യശായ എന്ന ആൾ ആയിരിക്കാം

മലയാളം റിസേർച്ച് ജേണൽ
വാല്യം 12, ലക്കം 2
മെയ്-ഓഗസ്റ്റ് 2019

എന്ന് ഞങ്ങൾ അനുമാനിക്കുന്നു. യശായ എന്നത് ബൈബിളിലെ യശയ്യാവ് എന്ന പേരിന്റെ വേറൊരു രൂപം ആകാനാണ് സാധ്യത. ഓലയിൽ പകർത്തിയെഴുതിയിരുന്ന ഗ്രന്ഥങ്ങളിൽ പകർത്തിയെഴുത്തുകാരന്റെ പേര് രേഖപ്പെടുത്തുന്ന പഴയരീതിക്ക് സമാനമായി അച്ചടിക്കാരന്റെ പേര് ചേർക്കുന്ന രീതി അനുവർത്തിച്ചതുമാകാം. ഏകദേശം 1873-ന്ശേഷം യശായയുടെ സേവനം അവസാനിച്ചിരിക്കുകയോ പ്രിൻടറുടെ പേര് പ്രത്യേകം രേഖപ്പെടുത്തുന്ന രീതി നിർത്തുകയോ ചെയ്തിരിക്കാം.

## മുതലിയാർ കുടുംബത്തിൽ നിന്ന് വിദ്യാവിലാസത്തിന്റെ ഉടമസ്ഥത മാറുന്നു

കെ.എം. ഗോവി, ഉള്ളൂർ, പി.ജെ. തോമസ്, സ്കറിയാ സക്കറിയ, പി.കെ. രാജശേഖരൻ തുടങ്ങി വിദ്യാവിലാസം അച്ചുകൂടത്തിന്റെ ചരിത്രം പരാമർശിച്ചവർ എല്ലാം വിദ്യാവിലാസത്തിന്റെ തുടക്കകാല പുസ്തകങ്ങൾക്ക് അപ്പുറം അതിന്റെ ചരിത്രം കൈകാര്യം ചെയ്തിട്ടില്ല. അതിനാൽതന്നെ നിലവിൽ ലഭ്യമായ രേഖകളിൽ 1890-കൾക്ക് ശേഷമുള്ള വിദ്യാവിലാസചരിത്രം ലഭ്യമല്ല.

എന്നാൽ 1921-ൽ വി.എൽ. ശാസ്ത്രി പ്രസിദ്ധീകരിച്ച *Encyclopaedia Of The Madras Presidency And The Adjacent States* എന്ന പുസ്തകത്തിൽ ഉള്ള വിവരങ്ങൾ വിദ്യാവിലാസം പ്രസ്സിന്റെ പിൽക്കാല ചരിത്രത്തെപ്പറ്റി ചില സൂചനങ്ങൾ തരുന്നു:

"The Vidya Vilasam Power Printing Press, Calicut, owned by Mr. L.S. Ramaier, was established in 1860 by Mr. Kalahasti Mudaliar, the then Cashier in the Bank of Madras. In 1895, however Mr. L.A.R. Subramanya Iyer joined as a partner with Mr. Mudaliar; and both of them conducted the press successfully for a period of twelve years, when the former purchased all the shares in the press. These were sold subsequently to Mr. L.S. Ramaier, who has been the sole proprietor ever since.

This Power Press is widely known on the West Coast of the Presidency; and the same is considered an up-to date press in Malabar with about 50 hands working. The press owns nine high class printing machines driven by power and undertakes job works in English,Tamil, Malayalam, Guzerati and Sanskrit. They have also got up-to-date cutting, binding and perforating machinery.

A branch of the press is also maintained by Mr. Ramaier at Tellicherry with more than 30 hands working in it..."

ഇതിൽനിന്നു കിട്ടുന്ന പ്രധാനവിവരം മകൻ കാളഹസ്തിയപ്പ മുതലിയാർ 1895 വരെ പ്രസ്സ് ഒറ്റയ്ക്ക് നടത്തി എന്നാണ്. തുടർന്ന് 1895-ന് ശേഷം അദ്ദേഹം വിദ്യാവിലാസത്തിന്റെ നടത്തിപ്പിനായി എൽ.എ.ആർ. സുബ്രഹ്മണ്യ അയ്യരുമായി പാർട്ട്ണർഷിപ്പിൽ ഏർപ്പെട്ടു. തുടർന്ന് പന്ത്രണ്ടുവർഷം ഇവർ രണ്ടുപേരും ചേർന്ന് പ്രസ്സ് നടത്തി. അതിനുശേഷം കാളഹസ്തിയപ്പമുതലിയാർ പ്രസ്സിന്റെ ഉടമസ്ഥാവകാശം മൊത്തമായി എൽ.എ.ആർ. സുബ്രഹ്മണ്യ അയ്യർക്ക് വിറ്റു. ഈ പുസ്തകത്തിലെ സൂചന അനുസരിച്ച് ഈ സംഭവം നടക്കുന്നത് ഏകദേശം 1907-ൽ ആണെന്ന് അനുമാനിക്കാം. അതിനുശേഷം (കൃത്യമായി ഏത് വർഷമെന്ന് നിലവിൽ അറിയില്ല) എൽ.എ.ആർ. സുബ്രഹ്മണ്യ അയ്യർ വിദ്യാവിലാസം പ്രസ്സ് എൽ.എസ്. രാമയ്യർക്ക് വിറ്റു.

*Encyclopaedia Of The Madras Presidency And The Adjacent States* പുറത്തുവന്ന സമയത്ത്, അതിൽ പറയുന്ന പ്രകാരം, മലബാറിലെ വലിയ പ്രസ്സുകളിൽ ഒന്നായിരുന്നു കോഴിക്കോട് വിദ്യാവിലാസം. അവിടെ ഏതാണ്ട് അൻപതോളം പേർ ജോലി ചെയ്തിരുന്നു. ലോകോത്തര നിലവാരത്തിലുള്ള ഒൻപത് അച്ചടി യന്ത്രങ്ങൾ അവിടെ ഉണ്ടായിരുന്നു. മലയാളത്തിന് പുറമേ ഇംഗ്ലീഷ്, തമിഴ്, ഗുജറാത്തി, സംസ്കൃതം എന്നീ ഭാഷകളിലുള്ള പുസ്തകങ്ങളും അച്ചടിച്ചിരുന്ന വലിയ പ്രസ്സ് ആയിരുന്നു 1920-കളിലെ കോഴിക്കോട് വിദ്യാവിലാസം.

മാതൃഭൂമി ദിനപത്രത്തിന്റെ ചരിത്രത്തിലും കോഴിക്കോട് വിദ്യാവിലാസത്തിന് സ്ഥാനമുണ്ട്. 1922-1923ൽ കോഴിക്കോട് വിദ്യാവിലാ



കോഴിക്കോട് റോബിൻസൺ റോഡിൽ (ഇപ്പോൾ കെ.പി. കേശവമേനോൻ റോഡ്) ഉണ്ടായിരുന്ന വിദ്യാവിലാസം അച്ചുകൂടം. 1920-കളിലെ ചിത്രം. *Encyclopaedia Of The Madras Presidency And The Adjacent States* എന്ന പുസ്തകത്തിൽനിന്നു ലഭിച്ചത്. ഇൻസെറ്റിൽ എൽ.എസ്. രാമയ്യർ.

സം പ്രസ്സിലുണ്ടായിരുന്ന പഴയൊരു സിലിണ്ടർപ്രസ്സ് 900 രൂപ നൽകി വാങ്ങിയാണ് മാതൃഭൂമിപത്രം അച്ചടിച്ച് തുടങ്ങുന്നത് എന്നും ഈ സിലിണ്ടർ പ്രസ്സിലാണ് 1930 വരെ മാതൃഭൂമി അച്ചടിച്ചത് എന്നും മാതൃഭൂമിയുടെ ചരിത്രത്തിൽ കാണാം (വി.ആർ. മേനോൻ, *മാതൃഭൂമിയുടെ ചരിത്രം* 1973:53-54).

## തലശ്ശേരിയിലെ ശാഖ

വിദ്യാവിലാസത്തിന്റെ തലശ്ശേരിശാഖ ആരുടെ കാലത്ത്, ഏത് വർഷം ആരംഭിച്ചു എന്ന കാര്യം വ്യക്തമല്ല. *മൂർക്കോത്ത് കുമാരൻ* എന്ന ജീവചരിത്രത്തിൽ മൂർക്കോത്ത് കുഞ്ഞപ്പ, "ഒരു ഒന്നാംതരം പത്രമായിരുന്നു 1908 മുതൽ പ്രസിദ്ധീകരിച്ചിരുന്ന മിതവാദി എന്ന പത്രം" എന്ന് എഴുതിയിട്ടുണ്ട് (മൂർക്കോത്ത് കുഞ്ഞപ്പ 1975:155-156). ആ പുസ്തകത്തിൽതന്നെ 'മിതവാദി' തലശ്ശേരി വിദ്യാവിലാസത്തിലാണ് അച്ചടിച്ചത് എന്നതിന്റെ സൂചനകളും കാണാം. എന്നാൽ പിൽക്കാലത്ത് ചെറായി രാമദാസ്, ചെന്നൈ ആർക്കൈവ്സിൽനിന്ന് 'മിതവാദി' ആഴ്ചപ്പതിപ്പിന്റെ ആദ്യ ലക്കം കണ്ടെത്തുകയുണ്ടായി. അതിന്റെ വർഷം 1907 ആണ്. അതിനാൽ മൂർക്കോത്ത് കുഞ്ഞപ്പയുടെ 1908 എന്ന പരാമർശത്തിൽ പിശകുണ്ട്. എന്നാലും, ഈ തെളിവുകൾവെച്ച് 1907-നുമുമ്പ് തലശ്ശേരി വിദ്യാവിലാസം പ്രവർത്തനമാരംഭിച്ചു എന്ന് ഊഹിക്കാം.




തലശ്ശേരി വിദ്യാവിലാസത്തിൽ അച്ചടിച്ച 'മിതവാദി' മാസികയുടെ ആദ്യലക്കത്തിന്റെ മുഖത്താൾ. ചെറായി രാമദാസ് ചെന്നൈ ആർക്കൈവ്സിൽനിന്നു കണ്ടെടുത്തത്. പ്രസിദ്ധീകരിച്ചിരിക്കുന്ന തിയതി: 1907 ഒക്ടോബർ 28

Encyclopaedia Of The Madras Presidency And The Adjacent States എന്ന പുസ്തകത്തിലെ പരാമർശം അനുസരിച്ച് 1920കളിൽ ഏതാണ്ട് 30 ഓളംപേർ ജോലി ചെയ്തിരുന്ന പ്രസ്സ് ആയിരുന്നു തലശ്ശേരി വിദ്യാവിലാസം. അക്കാലത്ത് (1920കളിൽ) എൽ. എസ്. രാമയ്യർ തന്നെയായിരുന്നു തലശ്ശേരി വിദ്യാവിലാസത്തിന്റെയും ഉടമസ്ഥൻ.

## വിദ്യാവിലാസത്തിന്റെ അവസാനം

1859-നോടടുത്ത് കല്ലച്ചുകൂടത്തിൽ അച്ചടിതുടങ്ങുകയും 1860-1861-ൽ മഞ്ചേരിയിൽ ലെറ്റർപ്രസ്സ് അച്ചടി ആരംഭിക്കുകയും ചെയ്ത്, 1864-ൽ കോഴിക്കോട്ടേക്ക് മാറ്റി സ്ഥാപിച്ച 'വിദ്യാവിലാസം', 1945 വരെയെങ്കിലും പ്രവർത്തിച്ചു എന്ന് കാണാവുന്നതാണ്. ബ്രിട്ടീഷ് ലൈബ്രറി കാറ്റലോഗ് പ്രകാരം വിശ്വനാഥമേനോന്റെ *ഇന്ത്യാചരിത്രം* 1945-ൽ അവിടെനിന്ന് പ്രസിദ്ധീകരിച്ചു. 1945-ന് ശേഷമുള്ള കോഴിക്കോട് വിദ്യാവിലാസത്തിന്റെ വിവരങ്ങൾ ഞങ്ങൾക്ക് കണ്ടെത്താനായിട്ടില്ല. കോഴിക്കോട്ടെ വിദ്യാവിലാസം പ്രസ്സ് അടച്ചുപൂട്ടാനുണ്ടായ സ്ഥിതിവിശേഷം, ആ സമയത്തെ ഉടമസ്ഥൻ ആരായിരുന്നു എന്നതൊക്കെ തുടർഗവേഷണം ആവശ്യമുള്ള സംഗതികളാണ്.

'മിതവാദി' മാസികയുടെ ആദ്യലക്കത്തിന്റെ തെളിവുവെച്ച് ഏകദേശം 1907-ൽ തലശ്ശേരി വിദ്യാവിലാസം തുടങ്ങി എന്ന് നമുക്ക് ഊഹിക്കാം. അതിന് ശേഷം 1920-കളിലും 1930-കളിലും 1940-കളിലും തലശ്ശേരി വിദ്യാവിലാസത്തിൽനിന്ന് ഇറങ്ങിയ പുസ്തകങ്ങൾ കണ്ടെത്താൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

1959-1960 കാലഘട്ടത്തിൽ തലശ്ശേരി പ്രസ്സ് തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ തലശ്ശേരി വിദ്യാവിലാസം പ്രസ്സ്കൂടി ഉൾപ്പെട്ടിരുന്ന ഒരു തൊഴിൽത്തർക്കം ഉണ്ടായി എന്നും തലശ്ശേരി വിദ്യാവിലാസം പ്രസ്സിലെ പ്രശ്നം തൊഴിലാളികൾ മുൻകൈ എടുത്ത് രമ്യമായി പരിഹരിച്ചു എന്നും 1960 ഏപ്രിൽ 5-ലെ കേരള ഗസറ്റിലെ ഹെൽത്ത് ആന്റ് ലേബർ ഡിപ്പാർട്ട്മെന്റിന്റെ നോട്ടിഫിക്കേഷനിലുണ്ട് (Kerala Gazette, 1960).


തലശ്ശേരി വിദ്യാവിലാസം പ്രസ്സിൽനിന്ന് പുറത്തിറങ്ങിയതിൽ ഞങ്ങൾക്ക് കണ്ടെടുക്കാൻ കഴിഞ്ഞ ഏറ്റവും ഒടുവിലെ പുസ്തകം 1977-ൽ സി.കെ. രേവതിഅമ്മ പ്രസിദ്ധീകരിച്ച ആത്മകഥയായ *സഹസ്രപൂർണ്ണിമ* ആണ്. 1980-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ കൃതി ആണിത്.

ഈ തെളിവുകൾവെച്ച് 1977 വരെയെങ്കിലും തലശ്ശേരിയിലെ വിദ്യാവിലാസം പ്രവർത്തിച്ചു എന്ന് കാണാമെങ്കിലും ഈ പ്രസ്സ് അടച്ചുപൂട്ടാനുണ്ടായ സ്ഥിതിവിശേഷം, ആ സമയത്തെ ഉടമസ്ഥൻ ആരായിരുന്നു, ഏത് വർഷമാണ് അടച്ചുപൂട്ടിയത്, തുടങ്ങിയ സംഗതികളൊക്കെ തുടർഗവേഷണത്തിൽ കണ്ടെത്താനുള്ളതാണ്.

മലയാളം റിസേർച്ച് ജേണൽ
വാല്യം 12, ലക്കം 2
മെയ്-ഓഗസ്റ്റ് 2019

1920-കളിൽ തലശ്ശേരി ശാഖയുടെ ഉടമസ്ഥൻ എൽ.എസ്. രാമയ്യർ ആണെന്ന് *Encyclopaedia Of The Madras Presidency And The Adjacent States* സ്ഥാപിക്കുന്നുണ്ട്. ഒരു പക്ഷേ, പിൽക്കാലത്ത് തലശ്ശേരിശാഖയുടെ ഉടമസ്ഥർ മാറിയിട്ടുണ്ടാകാം. തലശ്ശേരിശാഖ കോഴിക്കോട്ടെ മാതൃശാഖയെക്കാൾ കൂടുതൽ കാലം പ്രവർത്തിച്ചു എന്നത് കാലക്രമേണ പ്രസ്സ് രണ്ട് മാനേജ്മെന്റിന്റെ കീഴിൽ ആയിരുന്നു എന്നതിന്റെ സൂചന ആകാം.

ഞങ്ങൾക്ക് കണ്ടെത്താനായ ഏറ്റവും അവസാനത്തെ ഉടമസ്ഥൻ 1920-കളിൽ ഉടമ ആയിരുന്ന എൽ.എസ്. രാമയ്യർ ആണ്. എൽ.എസ്. രാമയ്യരുടെ പിന്മുറക്കാരെ കണ്ടെത്താൻ ഞങ്ങൾക്കായെങ്കിലും ഒരു ഘട്ടത്തിൽ പ്രസ്സ് നഷ്ടത്തിൽ ആയപ്പോൾ എൽ.എസ്. രാമയ്യർ പ്രസ്സ് വിറ്റു എന്നതിന് അപ്പുറം യാതൊരു സൂചനയും ഞങ്ങൾക്ക് അവരിൽ നിന്നു കിട്ടിയില്ല. എൽ.എസ്. രാമയ്യർ 1952-ൽ ചെന്നെയിൽ അന്തരിച്ചു എന്ന് എൽ.എസ്. രാമയ്യരുടെ പിന്മുറക്കാരിൽനിന്ന് വിവരം ലഭിച്ചു.



ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കദശകങ്ങളിൽ വിദ്യാവിലാസം പ്രസ്സിന്റെ ഉടമസ്ഥനായിരുന്ന എൽ.എസ്. രാമയ്യരുടെ ചിത്രം (ചിത്രത്തിന് എൽ.എസ്. രാമയ്യരുടെ ചെറുമകനായ ജയറാം അമൃതിനോട് കടപ്പാട്).

ഒട്ടുവളരെ ശ്രമിച്ചെങ്കിലും അരുണാചലമുതലിയാരുടെയും മകൻ കാളഹസ്തിയപ്പമുതലിയാരുടേയും പിൽക്കാലജീവിതത്തെപ്പറ്റിയോ അവരുടെ പിന്മുറക്കാരെയോ കണ്ടെത്താൻ ഞങ്ങൾക്കായില്ല. ഇതും തുടർഗവേഷണത്തിന് വിടുന്നു.

## തുടർഗവേഷണം ആവശ്യമുള്ള സംഗതികൾ

ഈ പ്രബന്ധം ധാരാളം ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. സ്വതന്ത്ര ഗവേഷകരായ ഞങ്ങൾക്ക് വിവിധ അവലംബങ്ങൾ പരിശോധിക്കാനുള്ള പരിമിതി കുറെയേറെ ചോദ്യങ്ങൾ ഞങ്ങൾക്കു മുൻപിൽ അവശേഷിപ്പിക്കുന്നു. കുറഞ്ഞ പക്ഷം താഴെ പറയുന്ന വിഷയങ്ങളിൽ എങ്കിലും തുടർഗവേഷണം ആവശ്യമാണ്:

- വിദ്യാവിലാസം കല്ലച്ചുകൂടത്തിന്റെ സ്ഥാപനവർഷം കണ്ടെത്തണം.
- അരുണാചലമുതലിയാരുടെയും കാളഹസ്തിയപ്പമുതലിയാരുടെയും അവരുടെ കുടുംബത്തിന്റേയും മുൻകാല-പിൻകാല ചരിത്രം രേഖപ്പെടുത്തണം.
- *Encyclopaedia Of The Madras Presidency And The Adjacent States* എന്ന പുസ്തകം തരുന്ന സുപ്രധാന വിവരങ്ങൾ കൂടുതൽ തെളിവുകളുടെ അടിസ്ഥാനത്തിൽ ബലപ്പെടുത്തേണ്ടതുണ്ട്.
- തലശ്ശേരി വിദ്യാവിലാസത്തിന്റെ കൃത്യമായ സ്ഥാപനവർഷം കണ്ടെത്തണം.
- വിവിധ കാലഘട്ടങ്ങളിൽ രണ്ടുപ്രസ്സിന്റെയും ഉടമകൾ ആയിരുന്നവരുടെ വിവരങ്ങൾ കണ്ടെടുത്ത് രേഖപ്പെടുത്തണം.
- കോഴിക്കോട്ടെ വിദ്യാവിലാസം പ്രസ്സിന്റെ അവസാനകാല ചരിത്രം രേഖപ്പെടുത്തണം.
- തലശ്ശേരിയിലെ വിദ്യാവിലാസം പ്രസ്സിന്റെ അവസാനകാല ചരിത്രം രേഖപ്പെടുത്തണം.

## ഉപസംഹാരം

വിദ്യാവിലാസം അച്ചുകൂടത്തിന്റെ ആരംഭത്തെയും യഥാർഥ സ്ഥാപകനെയും കണ്ടെത്താനുള്ള ഈ അന്വേഷണത്തിൽ, സുദീർഘമായ ഒന്നേകാൽ നൂറ്റാണ്ടോളം പ്രവർത്തിച്ച ഒരു അച്ചുകൂടത്തിന്റെ ചരിത്രമാണ് തെളിഞ്ഞുവന്നത്. പക്ഷേ ഞങ്ങളെ അൽഭുതപ്പെടുത്തിയത്, അച്ചടിത്തെളിവുകൾമാത്രം ആധാരമാക്കി, 1945 വരെയെങ്കിലും പ്രവർത്തിച്ച കോഴിക്കോട് വിദ്യാവിലാസത്തെപ്പറ്റിയും 1977-കൾ വരെയെങ്കിലും പ്രവർത്തിച്ച തലശ്ശേരി വിദ്യാവിലാസത്തെപ്പറ്റിയും അതി

ന്റെ അവസാനകാലത്തെ പറ്റിയും രേഖകളായോ വാമൊഴിയായോ ഒരു വിവരവും കണ്ടെത്താൻ കഴിഞ്ഞില്ല എന്നതാണ്. കോഴിക്കോട് റോബിൻസൺ റോഡിൽ (ഇപ്പോൾ കെ.പി. കേശവമേനോൻ റോഡ്) പ്രവർത്തിച്ചിരുന്ന വിദ്യാവിലാസം പ്രസ്സിന്റെ പിൽക്കാല ചരിത്രത്തെപ്പറ്റിയുള്ള സൂചന ഒന്നുംതന്നെ ഞങ്ങൾക്ക് കിട്ടിയില്ല. കേരളത്തിൽ അച്ചടി പിച്ചവെക്കുന്ന സമയംമുതൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തോളം പ്രവത്തിച്ച വിദ്യാവിലാസം അച്ചുകൂടത്തിന്റെ ചരിത്രം ഇനിയുമേറെ പഠനത്തിന് വിധേയമാക്കേണ്ടതാണ്.



ഷിജു അലക്സ്,
സിബു സി.ജെ.,
സുനിൽ വി.എസ്.



മലയാളം റിസേർച്ച് ജേണൽ
വാല്യം 12, ലക്കം 2
മെയ്-ഓഗസ്റ്റ് 2019

കെ.എം. ഗോവി, മലയാളത്തിലെ അച്ചടിചരിത്രത്തിന് ഒരു നല്ല അടിത്തറ നാലുപതിറ്റാണ്ട് മുമ്പ് ഇട്ടിട്ടുണ്ട്. എന്നാൽ അദ്ദേഹം നിർത്തിയിടത്തുനിന്ന് അധികം മുൻപോട്ട് പോകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അച്ചടിവിഷയമായി പൊതുസ്ഥാപനങ്ങളും ഗവേഷണസ്ഥാപനങ്ങളും മറ്റും കേരളത്തിൽ ഉണ്ടെങ്കിലും കേരളത്തിലെ അച്ചടിശാലകളെ പ്പറ്റിയും ഉടമസ്ഥരെപ്പറ്റിയും രേഖപ്പെടുത്തിയ ചരിത്രങ്ങളില്ല എന്നത് ഖേദകരമാണ്. കേരളത്തിന്റെ നവോത്ഥാനത്തിനും ആധുനികതയ്ക്കും കാരണമായിത്തീർന്ന വിജ്ഞാനവിസ്ഫോടനത്തിന്റെ മുഖ്യ ഉപാധികളിൽ ഒന്നായിരുന്ന അച്ചടിയെയും അച്ചടിശാലകളെയുംകുറിച്ചുള്ള വസ്തുതാപരമായ ചരിത്രം രേഖപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

## നന്ദി

ഈ ലേഖനത്തിന്നു ആവശ്യമായ അവലംബം പ്രധാനമായും ട്യൂബിങ്ങൻ സർവകലാശാല ലൈബ്രറിയിൽനിന്നും ബ്രിട്ടീഷ് ലൈബ്രറിയിൽനിന്നും കേംബ്രിഡ്ജ് ലൈബ്രറിയിൽനിന്നും ആണ് ഞങ്ങൾക്ക് ലഭ്യമായിരിക്കുന്നത്. അതിന് ഞങ്ങളെ സഹായിച്ച നിരവധി പേരുണ്ട്.

ഗുണ്ടർട്ട് ശേഖരം ഡിജിറ്റൈസ് ചെയ്യാനുള്ള പദ്ധതിയുടെ പിന്നിൽ പ്രവർത്തിച്ച ഗബ്രിയേല സെല്ലർ (Gabriele Zeller), ഹൈക്കെ മൊസർ (Heike Oberlin-Moser), എലീന മുച്ചിയാരെല്ലി (Elena Mucciarelli) എന്നിവർക്കും കേംബ്രിഡ്ജ് രേഖകൾ പരിശോധിക്കാൻ സഹായിച്ച ഓഫിറ ഗംമാലിയേലിനും (Ophira Gamliel) പ്രത്യേക നന്ദി. കേരള സാഹിത്യ അക്കാദമിയിൽനിന്നുള്ള പുസ്തകങ്ങൾ പരിശോധിക്കാനായി സഹായിച്ച ലൈബ്രേറിയൻ കെ. രാജേന്ദ്രനോടും ഈ പ്രബന്ധത്തിന് ആവശ്യമായ ചില നിർണായക തെളിവുകൾ കണ്ടെത്താൻ സഹായിച്ച ഗവേഷണവിദ്യാർഥിയായ വിനിൽ പോളിനോടുമുള്ള കടപ്പാട് രേഖപ്പെടുത്തിക്കൊള്ളുന്നു.

ഇവർക്കുപുറമേ വിവിധ അവലംബം സംഘടിപ്പിക്കാനും സംശയ നിവാരണത്തിനും സഹായിച്ചത് സ്കറിയാ സക്കറിയ, ബാബു ചെറിയാൻ, അബ്ദുൾ ലത്തീഫ്, വൽസലൻ അമ്പലത്തിൽ, മഹേഷ്

മംഗലാട്ട്, മനോജ് എബനേസർ, എതിരൻ കതിരവൻ, ശിവലിംഗസ്വാമി എന്നിവർ ആണ്. എല്ലാവർക്കും നന്ദി.

**അവലംബം**


1. Return to an Order of the House of Lords dated 17th March 1853 for Return of the Officers in each Court of Justice in India - East India Company - East India House, 1853 April 5 https://archive.org/details/in.ernet.dli.2015.94031/page/n81

2. *അമരസിംഹം*-1859-വിദ്യാവിലാസം അച്ചുകൂടം.

3. *സ്തുതിചൊവ്വാകപ്പെട്ട സുറിയാനിക്രിസ്ത്യാനിക്കാരുടെ നമസ്കാരക്രമങ്ങൾ*-1859-വിദ്യാവിലാസം അച്ചുകൂടം.

4. Basel Mission - The Malayalim Almanac 1866-PFLEIDERER & RIEHM, MISSION BOOKSHOP, Mangalore, Printed by Plebst & Stolz, Basel Mission Press, Mangalore

http://idb.ub.uni-tuebingen.de/opendigi/CiXIV130_1866#p=36

5. Basel Mission - *The Malayalim Almanac 1867* - PFLEIDERER & RIEHM, Mangalore, Printed by Plebst & Stolz, Basel Mission Press, Mangalore.

http://idb.ub.uni-tuebingen.de/opendigi/CiXIV130_1867#p=44

6. എം.പി. വർക്കി-*മലങ്കര സഭയുടെ മാർ ദിവാന്ന്യാസോസ് മെത്രാപോലീത്ത*-1901-മലയാളമനോരമ പ്രസ്സ്, കോട്ടയം.

https://archive.org/details/MalankaraSabhayudeDivanyose1901/page/n17

7. V. L. Sastri, *Encyclopaedia Of The Madras Presidency And The Adjacent State*s, 1920-1921, The Oriental Encyclopeaedic publishing company, Madras.

https://archive.org/details/in.ernet.dli.2015.83459

8. C. Hayavadana Rao (Ed.). *Mysore Gazetteer* Vol.2, Part-4, 1930, Government press, Mangalore.

https://archive.org/details/in.ernet.dli.2015.31735

9. Kerala Gazette No. 14 dated 5th April, 1960. Health and Labour Department (Labour) Notification No. 14717/L5/60-1/H&LD. Dated, Trivandrum, 16th March 1960.

10. വി.ആർ. മേനോൻ, *മാതൃഭൂമിയുടെ ചരിത്രം*; 1973, മാതൃഭൂമി പ്രസ്സ്, കോഴിക്കോട്.

11. മൂർക്കോത്ത് കുഞ്ഞപ്പ-*മൂർക്കോത്ത് കുമാരൻ* (ജീവചരിത്രം), 1975, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

12. പി.ജെ. തോമസ്-*മലയാളസാഹിത്യവും ക്രിസ്ത്യാനികളും*, 1989, ഡിസി ബുക്സ്, കോട്ടയം.

മലയാളം റിസേർച്ച് ജേണൽ
വാല്യം 12, ലക്കം 2
മെയ്-ഓഗസ്റ്റ് 2019

13. ഉള്ളൂർ എസ്. പരമേശ്വരയ്യർ, *കേരളസാഹിത്യചരിത്രം*(നാലാം വാല്യം), 1990, കേരള സർവ്വകലാശാല, തിരുവനന്തപുരം.

14. കെ.എം. ഗോവി-*ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും,*1998, കേരള സാഹിത്യ അക്കാദമി, തൃശൂർ.

15. പി.കെ. രാജശേഖരൻ, *ബുക്സ്റ്റാൾജിയ*, 2015, മാതൃഭൂമി, എം.എം. പ്രസ്സ്, കോഴിക്കോട്.

**അനുബന്ധം**

## വിദ്യാവിലാസം കല്ലച്ചുകൂടത്തിലെ പുസ്തകങ്ങളുടെ പട്ടിക

1. *അമരസിംഹം (*1859) കല്ലച്ചടി-അച്ചുകൂടം എവിടെയായിരുന്നെന്ന് അറിയില്ല.

2. *സ്തുതി ചൊവ്വാകപ്പെട്ട സുറിയാനികൃസ്ത്യാനിക്കാരുടെ നമസ്കാരക്രമങ്ങൾ* (1859) കല്ലച്ചടി-അച്ചുകൂടം എവിടെയായിരുന്നെന്ന് അറിയില്ല.

## മഞ്ചേരി വിദ്യാവിലാസം പ്രസ്സിലെ പുസ്തകങ്ങളുടെ പട്ടിക (1861–1863)


1. *ശ്രീകൃഷ്ണചരിതം മണിപ്രവാളശ്ലൊകം* (1861) ലെറ്റർപ്രസ്സ് അച്ചടി (1862 തൊട്ടുള്ള പുസ്തകങ്ങളിൽനിന്ന് ലെറ്റർപ്രസ്സ് മഞ്ചേരിയിൽ ആണെന്ന് വ്യക്തമാകുന്നതിനാൽ 1861-ലെ ഈ ലെറ്റർ പ്രസ്സ് പുസ്തകവും മഞ്ചേരിയിൽ അച്ചടിച്ചതെന്ന് ഊഹിക്കുന്നു).
2. *ശ്രീമഹാഭാരതംപാട്ട്* (1862)
3. *ആദ്ധ്യാത്മരാമായണം* (1862) (കേംബ്രിഡ്ജ് ലൈബ്രറി. ടൈറ്റിൽ പേജ് നഷ്ടപ്പെട്ടിരിക്കുന്നതിനാൽ അച്ചടി വർഷം കേംബ്രിഡ്ജ് മെറ്റാഡാറ്റയിൽനിന്നാണ് എടുത്തത്).
4. *ഉത്തരരാമായണം* (1862) (കേംബ്രിഡ്ജ് ലൈബ്രറി)
5. *ശ്രീമഹാഭാഗവതം* (1862) (കേംബ്രിഡ്ജ് ലൈബ്രറി)
6. *മുഹമ്മദശാസ്ത്രസംഗ്രഹം* (1863)
7. *സുയൊധനവധം* (1863)

## കോഴിക്കോട് വിദ്യാവിലാസം പ്രസ്സിലെ പുസ്തകങ്ങളുടെ പട്ടിക (1864–1880 വരെയുള്ളത്)

1. *വില്വംപുരാണം* (1864)
2. *സ്കാന്ദമ്പുരാണം* (1865) (കേംബ്രിഡ്ജ്)
3. *സ്വാഹാപ്രബന്ധവും ഇന്ദുമതീചരിതവും* (1868)

മലയാളം
റിസേർച്ച് ജേണൽ
വാല്യം 12, ലക്കം 2
മെയ്-ഓഗസ്റ്റ് 2019

4. ‘പഞ്ചാംഗം’ (1868)
5. *നളചരിതം* (1870)
6. *കൃഷിപ്പാട്ട്* (1871)
7. *മണിപ്രവാളശ്ലോകം* (1872)
8. *മഹാഭാഗവതം* (1871)
9. *മഹാഭാരതം* (1873)
10. *മഹാഭാഗവതം* (1873) (രണ്ടാംപതിപ്പ്)
11. *അകാദാരി* (1874) (പ്രിന്റർ യശായയുടെ പേര് ഒഴിവായി)
12. *ആക്ട് നമ്പ്രകൾ* (1877)
13. *രാമായണം കുറത്തിപ്പാട്ട്* (1877)
14. *ദെവിമാഹാത്മ്യം* (1877)
15. *ചിന്താരത്നം* (1878)
16. *ജ്ഞാനൊദയം* (1880) (ഉടമസ്ഥന്റെ പേര് ഒഴിവായി)




1868-ലെ വിദ്യാവിലാസം പഞ്ചാംഗത്തിൽ കാണുന്ന പട്ടികയിൽ നിന്നുള്ള പുസ്തകങ്ങൾ

## പ്രസ്സിന്റെ നാൾവഴി

ഈ പ്രബന്ധത്തിലെ കണ്ടെത്തലുകൾ അനുസരിച്ച് വിദ്യാവിലാസം പ്രസ്സിന്റെ നാൾവഴി ഇപ്രകാരമാണ്:

- 1859/1859-നുമുമ്പ് അരുണാചലമുതലിയാർ കല്ലച്ചുകൂടം (ലിത്തോപ്രസ്സ്) സ്ഥാപിച്ചു. (*അമരസിംഹം, ...കുർബ്ബാനക്രമം* എന്നിവ തെളിവ്)
- 1861-അരുണാചലമുതലിയാർ മഞ്ചേരിയിൽ ലെറ്റർ പ്രസ്സ് സ്ഥാപിച്ചു (*ശ്രീകൃഷ്ണചരിതം* എന്ന പുസ്തകം തെളിവ് )
- 1864-അരുണാചലമുതലിയാർ ലെറ്റർ പ്രസ്സ് കോഴിക്കോടിന് മാറ്റിസ്ഥാപിച്ചു (*വിലംപുരാണം* എന്ന പുസ്തകം തെളിവ്)
- 1866-അരുണാചലമുതലിയാർ പ്രസ്സ് മകൻ കാളഹസ്തിയപ്പമുതലിയാർക്ക് കൈമാറി, രംഗത്തുനിന്ന് വിരമിക്കുന്നു.
- 1866-1895-കാളഹസ്തിയപ്പമുതലിയാരുടെ ചുമതലയിൽ കോഴിക്കോട്ടെ വിദ്യാവിലാസം പ്രവർത്തിക്കുന്നു (വിവിധ പുസ്തകങ്ങൾ, എൻസൈക്ലോപീഡിയ എന്നിവ തെളിവ്)
- 1895-കാളഹസ്തിയപ്പമുതലിയാർ-എൽ.എ.ആർ. സുബ്രഹ്മണ്യ അയ്യരുമായി പാർട്ട്ണർഷിപ്പിൽ ഏർപ്പെടുന്നു (*എൻസൈക്ലോപീഡിയ...* തെളിവ്)
- 1895-1907-കാളഹസ്തിയപ്പമുതലിയാർ, എൽ.എ.ആർ. സുബ്രഹ്മണ്യ അയ്യരുമായി ഉണ്ടാക്കിയ പാർട്ട്ണർഷിപ്പിൽ വിദ്യാവിലാസം പ്രവർത്തിക്കുന്നു (*എൻസൈക്ലോപീഡിയ...* തെളിവ്)
- 1907-കാളഹസ്തിയപ്പമുതലിയാർ പ്രസ്സ് എൽ.എ.ആർ. സുബ്രഹ്മണ്യ അയ്യർക്ക് കൈമാറി രംഗത്തുനിന്ന് വിരമിക്കുന്നു (*എൻസൈക്ലോപീഡിയ...* തെളിവ്)
- 1907-19xx (07 < xx < 22) എൽ.എ.ആർ. സുബ്രഹ്മണ്യ അയ്യർ പ്രസ്സ് ഒറ്റയ്ക്ക് നടത്തുന്നു (എൻസൈക്ലോപീഡിയ തെളിവ്)
- 19xx എൽ.എ.ആർ. സുബ്രഹ്മണ്യ അയ്യർ പ്രസ്സ് എൽ.എസ്. രാമയ്യർക്ക് വിറ്റു (എൻസൈക്ലോപീഡിയ തെളിവ്)
- 190x തലശ്ശേരിയിലെ ശാഖ തുടങ്ങുന്നു ('മിതവാദി' മാസിക തെളിവ്)
- 1922 – 'മാതൃഭൂമി' പത്രം തുടങ്ങാനായി ഒരു സിലിണ്ടർ പ്രസ്സ് കൊടുക്കുന്നു (*മാതൃഭൂമിയുടെ ചരിത്രം* എന്ന പുസ്തകം തെളിവ്)
- 1945-നുശേഷം കോഴിക്കോട്ടെ പ്രസ്സ് അടച്ചു പൂട്ടുന്നു (*ഇന്ത്യാചരിത്രം*-വിശ്വനാഥമേനോൻ (ബ്രിട്ടീഷ് ലൈബ്രറി കാറ്റലോഗ്) എന്ന പുസ്തകം തെളിവ്)
- 1977-നുശേഷം തലശ്ശേരിയിലെ പ്രസ്സ് അടച്ചു പൂട്ടുന്നു (*സഹസ്രപൂർണ്ണിമ* എന്ന പുസ്തകം തെളിവ്)

RNI No. KERBIL/ 2008/ 24527
LCCN 2013-318190

# മലയാളം റിസേർച്ച് ജേണൽ

# MALAYALAM RESEARCH JOURNAL

This bilingual (Malayalam and English) Journal covers areas of language, literature, art, history and culture. Three issues are published each year in January-April, May-August and September-December.

'Malayalam Research Journal' welcomes full length research articles, short research notes, review articles, book reviews, thesis reviews (reports), texts having historical importance and essays of a more general nature on the concerned areas of the Journal.

All submissions undergo editorial and peer review. 'Malayalam Research Journal' uses 'blind review'. Contributors shall not submit the same manuscripts for concurrent consideration of other publications. It may take one to two years to publish an article in the Journal. Authors are expected to revise the manuscripts according to the suggestions, if any, of the editors or reviewers. The Journal is not responsible for the opinions expressed in the articles. In matters of legal dispute the jurisdiction will be Kottayam with PIN 686 001. Copyright of the published articles is automatically reserved with 'Malayalam Research Journal'. However, authors are permitted to reproduce their own articles for personal use. Others who wish to reproduce articles published in 'Malayalam Research Journal' must obtain wr itten permission from the Journal.

Benjamin Bailey Foundation

ISSN - 0974-1984

0974-1984

**Address for correspondence:** Malayalam Research Journal Pathinanchil Buildings Chemmarappally Lane Manganam P O Kottayam - 686 018 Kerala State India. Phone: 9447568210
E - mail: malayalamresearchjournal@gmail.com
Web site: benjaminbaileyfoundation.org